# കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം -ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ എൻ.സി.സി കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

**സ.ഉ (എംഎസ്) നം. 125/12/പൊ.വി.വ.** **തീയതി. തിരുവനന്തപുരം, 20/04/2012.**

---

പരാമർശം : *1. സ.ഉ (എം.എസ്) നം.87/12/പൊ.വി.വ തീയതി 24/03/12.*
*2. എൻ.സി.സി സംസ്ഥാനതല ഡെപ്യൂട്ടി ഡയറക്ടർ ജനറലിന്റെ 27/03/12 ലെ 507/P1-Pub/10/NCC നമ്പർ കത്ത്.*
*3. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 10/04/12 ലെ ഇ.എക്സ്.II(1)/31790/എച്ച്.എസ്.ഇ/11 നമ്പർ കത്ത്.*

## ഉത്തരവ്

സംസ്ഥാനത്തെ ഹയർ സെക്കന്ററി തലത്തിലുള്ള എൻ.സി.സി കേഡറ്റുകൾക്ക് ഹയർ സെക്കന്ററി 2-ാം വർഷപരീക്ഷയ്ക്ക് 10% ഗ്രേസ്മാർക്ക് ഉപാധികൾക്ക് വിധേയമായി അനുവദിച്ചു വരുന്നുണ്ട്. പരാമർശം (1) പ്രകാരം സംസ്ഥാനത്ത് സ്കൂൾ തലത്തിൽ എൻ.സി.സി കേഡറ്റുകൾക്ക് ഗ്രേസ്മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് ഹയർ സെക്കന്ററി തലത്തിലും ബാധകമാക്കണമെന്ന് സംസ്ഥാനതല എൻ.സി.സി ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, സർക്കാരിനോട് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി തലങ്ങളിൽ എൻ.സി.സി യിൽ പേര് ചേർക്കപ്പെട്ടിട്ടുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും 75 ശതമാനം ഹാജർ നില വെച്ചുകൊണ്ട് 5 ശതമാനം ഗ്രേസ്മാർക്കും ദേശിയ തലത്തിൽ നേട്ടം കൈവരിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് 10 ശതമാനം ഗ്രേസ്മാർക്കും അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എം.തോമസ്,**

**ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി.**

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി, തിരുവനന്തപുരം.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം/കോഴിക്കോട്/എറണാകുളം.
ഡയറക്ടർ, വിവര പൊതു ജന സമ്പർക്ക വകുപ്പ് ( മാധ്യമങ്ങളിലൂടെയും വെബ്സൈറ്റിലൂടെയുമുള്ള പ്രചാരത്തിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**